## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആരോഗ്യവകുപ്പ് - ഡോ.സച്ചിൻ മാധവ്, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.കത്ത് നം. **DMOH Kasaragod 2184/2024-A1**

പരാമർശം **dtd.09-08-2024**

2.കാരണം കാണിക്കൽ നോട്ടീസ് നം. **DHS/19972/2024-**

ഇ എ 5 തീയതി.**29-12-2025**

3.ഡോ. സച്ചിൻ മാധവ് സമർപ്പിച്ച അപേക്ഷ

തീയതി.**24-01-2026**

### ഉത്തരവ് നം. ആ.വ.ഡ /19972/2024-EA5 തീയതി.31-08-2026

ഡോ. സച്ചിൻ മാധവ്, **09-04-2024**-ൽ ആരോഗ്യവകുപ്പിൽ അസി.സർജനായിജോലിയിൽപ്രവേശിച്ചു. ജനറൽ ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ സേവനത്തിൽ തുടരവെ **12-04-2024** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം **(1)** പ്രകാരം കാസറഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് **(work and conduct)** തികച്ചും തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം **(2)** പ്രകാരം നോട്ടീസ് നൽകുകയും ചെയ്തു.

പ്രസ്തുത നോട്ടീസിന് പരാമർശം (3) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു. സ്വകാര്യ മേഖലയിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുകയാണെന്നും കൂടാതെ റോഡ് ആക്സിഡന്റ് കാരണം ആരോഗ്യപ്രശ്നങ്ങൾ ഉണ്ട് തുടങ്ങിയ കാരണങ്ങളാണ് ടിയാൾ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ഡോ. സച്ചിൻ മാധവ് സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. 04-12-2023 ലെ GO (MS) 328/23/Health No. ഉത്തരവ് പ്രകാരം മെഡിക്കൽ ഓഫീസർമാർക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്താലേ KSR Part 1 App XII A, C അവധി അനുവദിക്കുകയുള്ളൂ. ആയതിനാൽ ഡോ. സച്ചിൻ മാധവ് സമർപ്പിച്ചിരുന്ന App XII A പ്രകാരമുള്ള അവധി അപേക്ഷ നിരസിച്ചിരുന്നു. അവധി അനുവദിച്ച് ഉത്തരവാകാതെ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ സാധിക്കുകയില്ല.

ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

12-04-2024 തീയതി മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ. സച്ചിൻ മാധവ് അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II 19(a) (ii) ചട്ടം പ്രകാരം ഡോ. സച്ചിൻ മാധവ് അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Meenakshy V
Date: 31-08-2026
01:40:37

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

**Dr.Sachin Madhav , Assistant Surgeon ,S M Nivas ,**

**Alamippalli , Lakshmi Nagar , Kanhangad P O , Kasaragod - 671315**

പകർപ്പ് .

1. അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം

2. ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം), കാസറഗോഡ്

3. സൂപ്രണ്ട്, ജനറൽ ആശുപത്രി കാസറഗോഡ് (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം)

4. ഫയൽ/ കരുതൽ ഫയൽ